ഐ.എ.എസ്. ലഭിച്ച ഉദ്യോഗസ്ഥൻമാർ

3 (2374) ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 31-5-1986 വരെ ഗവൺമെൻറ് ശുപാർശ ചെയ്തതനുസരിച്ച് എത്ര ഉദ്യോഗസ്ഥൻമാർക്ക് ഐ.എ.എസ്. ലഭിച്ചിട്ടുണ്ട്;

(ബി) അവരുടെ ജാതി തിരിച്ചുള്ള പട്ടിക വെളിപ്പെടുത്തുമോ;

(സി) പട്ടികജാതി ഉദ്യോഗസ്ഥൻമാരെ സംസ്ഥാന ഗവൺമെൻറ് ഐ.എ.എസ്. നു ശുപാർശ ചെയ്യുന്നില്ലെന്നു പരാതി കിട്ടിയിട്ടുണ്ടോ?

ഉത്തരം

(എ) പ്രൊമോഷൻ കാറ്റഗറി ഐ.എ.എസ്. ൽ നിയമിക്കുന്നത് പ്രൊമോഷൻ റഗുലേഷൻ പ്രകാരം രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അംഗീകരിക്കുന്ന സെലക്ട് ലിസ്റ്റിൽ നിന്നാണ്. അപ്രകാരം 18 ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ട്.

(ബി) അഖിലേന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥൻമാരുടെ ജാതി തിരിച്ചുള്ള പട്ടിക ശേഖരിക്കുന്നില്ല.

(സി) അടുത്തകാലത്ത് ഒന്നും കിട്ടിയിട്ടില്ല.

കേന്ദ്ര ഗവൺമെൻറ് സർവ്വീസിൽനിന്നും സംസ്ഥാന സർവ്വീസിലേക്ക് വന്നിട്ടുള്ള ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച്

4 (2376) ശ്രീ. കെ. വി സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെൻറ് സർവ്വീസിൽനിന്നും സംസ്ഥാന സർവ്വീസിലേക്ക് വന്നിട്ടുള്ള ജീവനക്കാരുടെ കേന്ദ്ര ഗവൺമെൻറ് സർവ്വീസ് അവരുടെ പെൻഷൻ, ലീവ് തുടങ്ങിയ ആനുകൂല്യങ്ങൾ പരിഗണിക്കുവാൻ നിലവിൽ നിയമങ്ങൾ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരം ജീവനക്കാരുടെ കേന്ദ്ര ഗവൺമെൻറ് സർവ്വീസുകൂടി പെൻഷൻ, ലീവ് എന്നിവയ്ക്ക് പരിഗണിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെൻറ് സർവ്വീസിൽനിന്നും സംസ്ഥാന സർവ്വീസിലേക്കു വരുന്ന ജീവനക്കാരുടെ കേന്ദ്ര ഗവൺമെൻറ് സർവ്വീസ് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പെൻഷൻ കണക്കാക്കുന്നതാണ്.

(1) കേന്ദ്ര ഗവൺമെൻറിൻെറ താൽക്കാലിക തസ്തികയിലിരിക്കുമ്പോൾ പിരിച്ചുവിടപ്പെട്ട് ജീവനക്കാർ അവരുടെ സ്വന്തം നിലയിൽ സ്റ്റേറ്റ് സർവ്വീസിൽ നിയമനം നേടിയെടുത്താൽ അവരുടെ പൂർവ്വകാല കേന്ദ്ര ഗവൺമെൻറ് സർവ്വീസുകൂടി പെൻഷനു കണക്കാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly